# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### സാംക്രമിക രോഗബാധിതരായ തൊഴിലുറപ്പ് തൊഴിലാളികൾക്ക് സഹായം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4631

27.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. കെ. വിജയൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | തൊഴിലുറപ്പ് തൊഴിലാളികൾക്ക് വൃത്തിഹീനമായ ജോലി സ്ഥലങ്ങളിൽ നിന്ന് സാംക്രമികരോഗങ്ങൾ പിടിപെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | എങ്കിൽ ഇത്തരത്തിൽ രോഗം ബാധിച്ച് മരണമടഞ്ഞ ഏതെങ്കിലും കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (ബി) | റിപ്പോർട്ട് ചെയ്തിട്ടില്ല |
| (സി) | സാംക്രമിക രോഗങ്ങൾ ഫലപ്രദമായി തടയുന്നതിന് പ്രതിരോധ വാക്സിനുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ തൊഴിലാളികൾക്ക് നൽകുന്ന കാര്യം പരിഗണിക്കുമോ; | (സി) | വെള്ളക്കെട്ടുള്ള/വൃത്തിഹീനമായ ഇടങ്ങളിൽ പണിയെടുക്കേണ്ട സാഹചര്യമുണ്ടായാൽ പ്രസ്തുത പ്രദേശം രോഗാണുവിമുക്തമാക്കുന്നതിന് വേണ്ടി പ്രവൃത്തി തുടങ്ങുന്നതിന് രണ്ട് മണിക്കൂർ മുമ്പ് ക്ലോറിൻ/ബ്ലീച്ചിംഗ് പൗഡർ വിതറി അണുവിമുക്തമാക്കുന്നതിനും, തൊഴിലാളികൾക്ക് പ്രതിരോധ വാക്സിൻ നല്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും തൊഴിലാളികൾക്ക് കയ്യുറ, കാലുറ, ഗോഗിൾസ് എന്നിവയും അതോടൊപ്പം, പ്രതിരോധ മരുന്നുകൾ/ പ്രഥമശുശ്രൂഷാ മരുന്നുകൾ എല്ലാ പ്രവൃത്തിസ്ഥലത്തും ലഭ്യമാക്കുന്നതിനുമുള്ള നിർദ്ദേശം നല്കിയിട്ടുണ്ട്. ഇക്കാര്യങ്ങൾ ഫലപ്രദമായി നിർവ്വഹിക്കുന്നതിനും ഇതിനാവശ്യമായ തുക പദ്ധതിയുടെ ഭരണച്ചെലവിൽ നിന്ന് കണ്ടെത്തുന്നതിനും എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇത്തരം കേസുകളിൽ ദുരിതമനുഭവിക്കുന്നവർക്കായി പ്രത്യേക സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | തൊഴിലുറപ്പ് പദ്ധതിയിൽ ഏർപ്പെടുന്ന തൊഴിലാളികൾക്കും പ്രവൃത്തി സ്ഥലത്തേക്ക് അവരെ അനുധാവനം ചെയ്യുന്ന കുട്ടികൾക്കും പ്രഥമശുശ്രൂഷയ്ക്കും, ആവശ്യമെങ്കിൽ, ആശുപത്രിയിൽ ചികിത്സിക്കുന്നതിനുമുള്ള മുഴുവൻ ചെലവും പദ്ധതിയിൽ നിന്നും വഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം, ആശുപത്രിയിൽ പ്രവേശിപ്പിച്ച് ചികിത്സിക്കപ്പെടുന്ന ദിവസങ്ങളിൽ, മസ്റ്റർറോൾ പ്രകാരം ലഭ്യമാകുമായിരുന്ന, കൂലിയുടെ 50 ശതമാനം ദിനബത്തയും തൊഴിലാളികൾക്ക് നല്കുന്നതാണ്. ഈ പദ്ധതി പ്രകാരം തൊഴിലിൽ ഏർപ്പെടുന്നയാൾക്ക് പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുമ്പോഴോ പ്രവൃത്തി മൂലമോ ഉണ്ടാകുന്ന അപകടങ്ങൾ മൂലം മരണമോ, സ്ഥിരമായ വൈകല്യമോ സംഭവിക്കുമ്പോൾ അയാൾക്കോ, നിയമപ്രകാരമുള്ള അനന്തരവാകാശികൾക്കോ ആംആദ്മി ബീമായോജനയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിരക്കുകൾ അനുസരിച്ചുള്ള എക്സ്ഗ്രേഷ്യയോ കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന നഷ്ട പരിഹാരമോ നല്കുന്നതാണ്. തൊഴിലാളിയോടൊപ്പം പ്രവൃത്തി സ്ഥലത്തേക്ക് വരുന്ന കുട്ടികൾക്കും ഇത്തരം പരിരക്ഷകൾ നല്കുന്നതാണ്. |

സെക്ഷൻ ഓഫീസർ